Malayalam Research Journal
U.G.C.-CARE listed
ISSN-0974 1984.
RNI No. KERBIL 2008/24527
LCCN 2013 318190
Vol. 13 Issue 3 Sept.-Dec. 2020

# ഉള്ളടക്കം

| | | |
|---|---|---|
| മാതൃഭാഷയും ജനാധിപത്യവും: മലയാളത്തെ മുൻനിറുത്തിയുള്ള ചില ആലോചനകൾ | **4947** | എം.സി. അബ്ദുൾ നാസർ |
| മാതൃഭാഷാർജനവും ഉടലറിവും | **4965** | പി.എം. ഗിരീഷ് |
| മാതൃഭാഷാമലയാളം: സ്ഥാനീകരണവും വ്യവഹാരവും | **4972** | ആർ. രാജശ്രീ |
| മലയാളത്തെ ഭാവന ചെയ്യുമ്പോൾ: രാജരാജവർമയുടെ ഭാഷാദൗത്യങ്ങൾ | **4990** | സജീവ് പി.വി. |
| ഒന്നാംഭാഷയും ഔപചാരിക വിദ്യാഭ്യാസവും | **5013** | സോമനാഥൻ പി. |
| ഭാഷാപരമായ ആധുനികത: ഒരു സൈദ്ധാന്തിക അന്വേഷണം | **5028** | അനിൽകുമാർ എം.ആർ. |
| “Fashioning” Indigenous Cultural Expressions in the Neo Liberal World | **5045** | Om Soorya |
| സി.വി.യുടെ ചരിത്രാഖ്യായികകളിലെ മുസ്ലീം സാന്നിധ്യം | **5057** | നന്ത്യത്ത് ഗോപാലകൃഷ്ണൻ |
| The Iconic Image of Narayana Guru: Some observations | **5069** | Soumya Sajan |
| Early Indians-A Book on the Grand Indian Mix | **5081** | Ethiran Kathiravan |

എം.സി. അബ്ദുൾ നാസർ

# മാതൃഭാഷയും ജനാധിപത്യവും: മലയാളത്തെ മുൻനിറുത്തിയുള്ള ചില ആലോചനകൾ

**സംഗ്രഹം**

മലയാളഭാഷയ്ക്കകത്ത് നിരന്തരമായി നടക്കേണ്ട ജനാധിപത്യവൽക്കരണ ശ്രമങ്ങളെക്കുറിച്ചുള്ള ആലോചനകളാണ് പ്രബന്ധത്തിന്റെ ഉള്ളടക്കം. ഭാഷകൾതമ്മിലുള്ള ലംബമാനമായ ശ്രേണീകരണത്തെ ചെറുക്കാൻ നടത്തുന്ന ജനാധിപത്യ ശ്രമങ്ങൾപോലെതന്നെ പ്രധാനമാണ് ഒരു ഭാഷയ്ക്കകത്ത് നിർവഹിക്കപ്പെടേണ്ട തിരശ്ചീനസ്വഭാവമുള്ള ഉള്ളടക്ക ശ്രമങ്ങളും. ഭാഷയ്ക്കകത്ത് പ്രവർത്തിക്കുന്ന പ്രത്യയശാസ്ത്രപരമായ അധീശത്വങ്ങളെ തിരിച്ചറിയുക എന്നതാണ് അതിനുള്ള ആദ്യ ഉപാധി. വരേണ്യതയുടെ പുറത്തു നിൽക്കുന്നവർക്ക് സ്വന്തം അവസ്ഥയെ ആവിഷ്കരിക്കാൻ, തങ്ങൾക്കെതിരായി അനുശീലനം ചെയ്യപ്പെട്ട അധീശ ഭാഷാഘടനയെത്തന്നെ ആശ്രയിക്കേണ്ടി വരുന്ന അവസ്ഥ മാതൃഭാഷകൾക്കകത്തും നിലനിൽക്കുന്നുണ്ട്.

ആധുനിക മലയാളത്തിന്റെ പുനരാഖ്യാനങ്ങൾ ഗദ്യത്തിലും പദ്യത്തിലും മാനകീകരണത്തിലേക്കാണ് നയിച്ചത്. സാമൂഹികമായ കോയ്മകളെ നിർമിക്കുന്നതിനും പുനരുൽപ്പാദിപ്പിക്കുന്നതിനുമുള്ള ഉപാധിയായി മലയാളം മാറി. നിരവധി പ്രവർജനങ്ങളിലൂടെയാണ് ഇത്തരം മാനകീകരണം നിലനിൽക്കുന്നത്. ജനാധിപത്യവൽക്കരണമാകട്ടെ ഒരു ബഹുദിശീയ പ്രവർത്തനമാണ്. ആത്മപ്രകാശനങ്ങളുടെ പലമകൾ സാധ്യമാവുന്ന തരം മാനകീകരണ പ്രവർത്തനങ്ങളിലൂടെ മാത്രമേ മലയാളത്തിന്റെ അനുഭവമണ്ഡലം വികസിക്കുന്നുള്ളൂ. ഗുണ്ടർട്ട്അനുഭവങ്ങളെ മുൻനിർത്തി ഭാഷാപരമായ ഈ അനേകതകളെ വിശകലനം ചെയ്യുകയാണ് പ്രബന്ധം.

**താക്കോൽ വാക്കുകൾ**

ഭാഷാസ്വത്വം, കോളനീകരണം, വെർണാകുലർ, ബ്ലാക് ലിംഗ്വിസ്റ്റിക്സ്, ടെറിട്ടോറിയലൈസേഷൻ, മൈനർ സാഹിത്യം

പി.എം. ഗിരീഷ്

# മാതൃഭാഷാർജനവും ഉടലറിവും

**സംഗ്രഹം**

സവിശേഷ പരിശീലനമൊന്നും ഇല്ലാതെ, പൊതുധൈഷണിക സിദ്ധികളുടെ അടിസ്ഥാനത്തിൽ സാമൂഹികസാഹചര്യത്തിൽനിന്ന് ശിശു ആർജിച്ചെടുക്കുന്ന പ്രഥമഭാഷയാണ് മാതൃഭാഷ.

ഉടലറിവിന്റെ ആവിഷ്കാരമാണ് മാതൃഭാഷ. ന്യൂറോ ഭാഷാശാസ്ത്രവും ധൈഷണികഭാഷാശാസ്ത്രവും മുന്നോട്ടുവെക്കുന്ന പുത്തൻ അറിവുകളുടെ അടിസ്ഥാനത്തിൽ മാതൃഭാഷയെ വിശകലനംചെയ്യുകയാണ് പ്രബന്ധലക്ഷ്യം. മസ്തിഷ്കത്തിന്റെ അടിസ്ഥാനത്തിൽ ഭാഷയെ പഠിക്കുന്ന ശാഖയാണ് ന്യൂറോ-ഭാഷാശാസ്ത്രം അഥവാ നാഡീയഭാഷാശാസ്ത്രം. പത്തൊമ്പതാംനൂറ്റാണ്ടിന്റെ മധ്യദശകത്തോടെ ആരംഭിച്ച ഭാഷാപഠനശാഖയാണിത്. ഫ്രഞ്ചുകാരനായ പോൾ ബ്രോക്കയും ജർമൻകാരനായ കാൾ വെർനിക്കയും ഭാഷാവൈകല്യത്തെക്കുറിച്ചു പഠിച്ചതോടെ ഈ ശാഖയ്ക്ക് തുടക്കമായി. മസ്തിഷകക്ഷതം സംഭവിക്കുമ്പോൾ ഭാഷ നഷ്ടമാകുന്നത് എങ്ങനെ എന്നതായിരുന്നു അവരുടെ അന്വേഷണവിഷയം. അവരുടെ പഠനം മസ്തിഷകത്തിൽ ഭാഷാമേഖലയുണ്ടെന്ന കണ്ടെത്തലിൽ അവസാനിച്ചു.

ഭാഷാജ്ഞാനത്തെ പൊതുധൈഷണികവൃത്തികളുടെ (General Cognitive Process) ഭാഗമായി കണ്ടുകൊണ്ട് ഭാഷയെ പഠിക്കുന്ന നൂതനഭാഷാശാസ്ത്രശാഖയാണ് ധൈഷണികഭാഷാശാസ്ത്രം അഥവാ കെഗ്നിറ്റീവ് ലിങ്ഗ്വിസ്റ്റിക്സ്. മനുഷ്യമനസ്സിന്റെ ജ്ഞാനാർജനപ്രവർത്തനങ്ങളെയാണ് ധൈഷണികത എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഇന്ദ്രിയസംവേദനം, സ്മരണ, ചിന്ത, വിവരങ്ങൾ ഉൾക്കൊള്ളുന്ന വിധം, യുക്തിചിന്ത, അപഗ്രഥനാത്മകചിന്ത, ശ്രദ്ധ, പൂർവധാരണ തുടങ്ങിയ മാനസികവൃത്തികളാണവ. അനുഭവങ്ങളെ വിനിമയം ചെയ്യാനുള്ള ആശയങ്ങളാക്കി മാറ്റുകയാണ് ധൈഷണികവൃത്തികളുടെ പ്രധാനധർമം.

എപ്രകാരമാണ് ഭാഷാജ്ഞാനം മനസ്സിൽ പ്രതിനിധീകരിക്കപ്പെടുന്നത്? അത് എപ്രകാരമാണ് ആർജിക്കുന്നത്? അവ ഉൾക്കൊള്ളുന്നതും പ്രയോഗിക്കുന്നതും എങ്ങനെയാണ്? മസ്തിഷ്കഗവേഷണത്തിലെ പുത്തൻ കണ്ടുപിടിത്തങ്ങൾ ഈ രണ്ടുശാഖകൾ സമന്വയിപ്പിച്ച് പുതിയൊരു ഭാഷാപഠനരീതിയ്ക്ക് തുടക്കം കുറിച്ചു. അതാണ് ന്യൂറോ-ധൈഷണികഭാഷാശാസ്ത്രം. ന്യൂറോശാസ്ത്രജ്ഞരും ധൈഷണികശാസ്ത്രജ്ഞരും ഭാഷാശാസ്ത്രജ്ഞരും ഒരുപോലെ പണിയെടുക്കുന്ന മേഖലയാണിത്.

**താക്കോൽ വാക്കുകൾ**

ആർജനം (Acquisition), ഉടലറിവ് (Embodied Cognition), കണ്ണാടിനാഡി (Mirror Neuron), ചോദനയുടെ അപര്യാപ്തത(Povetry of Stimulas), ധൈഷണികത(Cognition), ധൈഷണികഭാഷാശാസ്ത്രം(Cognitive linguistics), ന്യൂ

റോ-ധൈഷണികഭാഷാശാസ്ത്രം (Neuro-cognitive linguistics), മാതൃഭാഷ(Mother tongue), സാർവലൗകികവ്യാകരണം(Universal grammar).

ആർ. രാജശ്രീ

# മാതൃഭാഷാമലയാളം: സ്ഥാനീകരണവും വ്യവഹാരവും

**സംഗ്രഹം**

വൈജ്ഞാനികവ്യവഹാരങ്ങളുടെയും സാഹിത്യത്തിന്റെയും ഭാഷ ഒരു ജനതയുടെ മാതൃഭാഷയായി സ്ഥാനപ്പെടുന്നതിലെ യുക്തി വിശകലനം ചെയ്യപ്പെടേണ്ടതുണ്ട്. ചരിത്രത്തിന്റെ ഇടപെടലുകളും വിവിധസന്ദർഭങ്ങളിലെ രാഷ്ട്രീയവും സാമൂഹികവുമായ ബലാബലങ്ങളും ഒരു ഭാഷയുടെ സ്ഥാനപ്പെടലിനെ സ്വാധീനിക്കും. മലയാളം, മുഴുവൻ മലയാളികളുടെയും മാതൃഭാഷയായി സ്ഥാനപ്പെടുന്നതിലെ ന്യായാന്യായങ്ങൾ പരിശോധിക്കുകയാണ് ഈ പ്രബന്ധം.

**താക്കോൽവാക്കുകൾ**

മാതൃഭാഷ, സ്ഥാനീകരണം, മലയാളം, വ്യവഹാരം

സജീവ് പി.വി.

# മലയാളത്തെ ഭാവന ചെയ്യുമ്പോൾ: രാജരാജവർമയുടെ ഭാഷാദൗത്യങ്ങൾ

**സംഗ്രഹം**

മലയാള ഭാഷയുടെ ആധുനികവൽക്കരണ ശ്രമങ്ങളുടെ കേന്ദ്രസ്ഥാനത്ത് പ്രതിഷ്ഠിക്കപ്പെട്ട എ.ആർ രാജരാജവർമയുടെ ഭാഷാസാഹിത്യചിന്തകളെ അക്കാലത്തെ ഭാഷാസാഹിത്യ/ വ്യാകരണ വ്യവഹാരങ്ങളുടെ സന്ദർഭത്തിൽവെച്ച് നോക്കിക്കാണാനുള്ള ശ്രമമാണ് മുഖ്യമായി പ്രബന്ധത്തിലുള്ളത്. കേവലമായ അക്കാദമിക് നിലനിൽപ്പ് മാത്രമല്ല ആ വ്യാകരണ/ വൃത്ത/ അലങ്കാര ലക്ഷണ ഗ്രന്ഥങ്ങൾക്ക് ഉള്ളത്. ആ മേഖലയിൽ അതുവരെ ഉണ്ടായിരുന്ന പ്രമാണ ഗ്രന്ഥങ്ങൾ റിപ്ലേസ് ചെയ്യപ്പെട്ടതിൽ സാമൂഹികവും രാഷ്ട്രീയവുമായ അർഥങ്ങൾ പ്രബന്ധം കാണുന്നു. പ്രാദേശികതകളുടെ തുടച്ചുനീക്കലും സംസ്കൃതവർക്കരണവുമാണ് എ.ആറിന്റെ ആധുനികതയായി മനസ്സിലാക്കിയത്. ഭാഷയിലെ ലക്ഷണ ഗ്രന്ഥങ്ങളുടെ സാമൂഹിക ചരിത്രം ആരായാനുള്ള പ്രാഥമികശ്രമം എന്ന നിലയിൽ ചില ആലോചനകൾ മുന്നോട്ടുവെക്കുന്നു.

**താക്കോൽ വാക്കുകൾ**

ആധുനികത, ആധുനികീകരണം, മിഷനറിആധുനികത, കൊളോണിയലിസം, പാരമ്പര്യം, ദേശീയത, നവോത്ഥാനം, സംസ്കൃതവൽക്കരണം, പൊതുമണ്ഡലം

സോമനാഥൻ പി.

# ഒന്നാംഭാഷയും ഔപചാരിക വിദ്യാഭ്യാസവും

**സംഗ്രഹം**

ജന്മഭാഷയായിരിക്കണം ബാലകരുടെ വിദ്യാഭ്യാസമാധ്യമം എന്ന ജോർജ് മാത്തന്റെ നിലപാടിനെയാണ് പ്രബന്ധം ആസ്പദമാക്കുന്നത്. വിദ്യ, അഭ്യാസം, ആർജനം എന്നീ സങ്കൽപ്പനങ്ങളെ വ്യവച്ഛേദിച്ചും അറിവും ഭാഷയുംതമ്മിലുള്ള ബന്ധത്തെ ഇഴപിരിച്ചുമാണ് വിശകലനം. ജന്മഭാഷയെ ഒറ്റത്തടിയായി കാണാതെ പലമകളുടെ ചേർച്ചയായി മനസ്സിലാക്കി ഭാഷാ വൈവിധ്യത്തിൽ (ജന്മഭാഷയ്ക്കുള്ളിലും പുറത്തുള്ള അനേകം ഭാഷകളും) ഊന്നിയ ആസൂത്രിതമായ വിദ്യാഭ്യാസപദ്ധതിയാണ് ആദർശമായി കരുതുന്നത്. അറിവുൽപ്പാദനവും ഭാഷകസമൂഹത്തിനകത്തും പുറത്തും അവയുടെ വിതരണവും ഇടപെടലും ലക്ഷ്യമിട്ട് വേണം ആസൂത്രണം. മാനകമലയാളം വൈവിധ്യങ്ങളെ ഏകോപിപ്പിക്കുന്ന ഒന്നായി വർത്തിക്കുകയും ഭാഷാഭേദങ്ങളും ബഹുഭാഷകളും അതിന് പൂരകമായി നിൽക്കുകയും ചെയ്യുന്ന സാർവലൗകികവും സാർവഭാഷികവുമായ സഹവർത്തിത്തവുമാണ് നിർദേശിക്കുന്നത്.

**താക്കോൽ വാക്കുകൾ**

പൊതുവിദ്യാഭ്യാസം, ഭാഷാമാധ്യമം, ഭാഷാവൈവിധ്യം, ജന്മഭാഷ/ ഒന്നാംഭാഷ, വിദ്യ, ആർജനം, അഭ്യാസം, അ

ക്ഷരവിദ്യ, ആസൂത്രണം, ഭാഷാജീവി, തിരഞ്ഞെടുപ്പും കൊരുത്തുവെപ്പും (paradigmatic and syntagmatic), ഉച്ചരിതധ്വനി, നാമം, ക്രിയ, ആഖ്യ, ആഖ്യാതം, ഇരട്ടമൊഴിത്തം, രണ്ടാംഭാഷ, മൂന്നാംഭാഷ

**അനിൽകുമാർ എം.ആർ.**

# ഭാഷാപരമായ ആധുനികത: ഒരു സൈദ്ധാന്തിക അന്വേഷണം

**സംഗ്രഹം**

ഭാഷാനവോത്ഥാനം, ഭാഷാപരമായ ആധുനികത, ആധുനികത എന്നിവയെ പരസ്പരം ബന്ധപ്പെടുത്തി അവയെ ഭാഷയുടെ രാഷ്ട്രീയമെന്ന നിലയിൽ വിശദീകരിക്കാനാണ് ഇവിടെ ശ്രമിക്കുന്നത്. 'ഭാഷ പ്രായോഗിക ബോധമാണ്' എന്ന മാർക്സിയൻ പരാമർശത്തിൽ ഊന്നി നിന്നുകൊണ്ട്, ബോധതലത്തിലും ഭാഷയിലും ഭാഷയുമായി ബന്ധപ്പെട്ട് സമൂഹത്തിലും ഭാഷാസാങ്കേതികവിദ്യയിലും ഭാഷാവ്യവഹാരങ്ങളിലും സാഹിത്യത്തിലും ഉണ്ടായിട്ടുള്ള ഭാഷാപരമായ ആധുനികത വിശകലനം ചെയ്യുന്നു. ഭാഷാപരമായ ആധുനികപൂർവ സമൂഹത്തിൽനിന്ന് ഭാഷാപരമായ ആധുനിക സമൂഹത്തിലേക്ക് വന്നപ്പോൾ ഉണ്ടായ മാറ്റങ്ങൾ പട്ടികപ്പെടുത്തിക്കൊണ്ടും കേരള ആധുനികതയുടെ സന്ദർഭത്തിൽ പ്രായോഗികമായ തുടരന്വേഷണത്തിന്റെ സാധ്യത ആരാഞ്ഞുകൊണ്ടും പ്രബന്ധം അവസാനിപ്പിക്കുന്നു.

**താക്കോൽ വാക്കുകൾ**

ഭാഷ, ഭാഷാനവോത്ഥാനം, ആധുനികത, ഭാഷാപരമായ ആധുനികത, അച്ചടി, ഭാഷോൽപ്പന്നങ്ങൾ, മാർക്സിസം, മിഷനറി പ്രവർത്തനം, മിഷനറി ഭാഷാശാസ്ത്രം

**Om Soorya**

# "Fashioning" Indigenous Cultural Expressions in the Neo Liberal World

**Abstract**

The article critically examines how Neo-liberal policies not only accelerated the exploitation of Indigenous people's life but it also gave freedom to fashion industry to take away the cultural expressions of the most vulnerable communities freely and maximize their profit. I argue that the borrowing of patterns, motifs, designs and sometimes the entire silhouette from Indigenous people in different parts of the world and Adivasis in India and incorporating them in the collections of well known fashion brands under the pretext of "taking inspiration" and "appreciation" is problematic and violation of the Tangible and Intangible cultural property rights .

**Keywords**

Neo liberalism, Fashion Industry, Indigenous cultural expressions, "appreciation", "inspiration", appropriation, IPR

**നന്ത്യത്ത് ഗോപാലകൃഷ്ണൻ**

# സി.വി.യുടെ ചരിത്രാഖ്യായികകളിലെ മുസ്ലീം സാന്നിധ്യം

**സംഗ്രഹം**

തിരുവിതാംകൂർ ഭരണകൂടവുമായി നേരിട്ടു ബന്ധപ്പെട്ടുനിന്ന നായർ, ബ്രാഹ്മണ, ക്ഷത്രിയ വിഭാഗങ്ങളെ കേന്ദ്രീകരിച്ച് രൂപപ്പെട്ട ഇതിവൃത്തമാണ് സി.വി.യുടെ ചരിത്രാഖ്യായികകൾക്കുള്ളത്. അക്കാലത്തെ അധികാരരാഷ്ട്രീയത്തിന്റെ പ്രയോക്താക്കൾ മുഖ്യമായും അവരായിരുന്നു. ജനസംഖ്യയിൽ വലിയ പ്രാതിനിധ്യമുണ്ടായിരുന്ന പിന്നാക്ക ഹിന്ദുവിഭാഗങ്ങൾക്ക് വേണ്ടത്ര പരിഗണന നോവൽ ഗാത്രത്തിൽ ലഭിക്കാതിരുന്നപ്പോൾ, മുസ്ലീം കഥാപാത്രങ്ങൾക്ക് ആഖ്യായികക

ളിൽ സമാദരണീയമായ സ്ഥാനം ലഭിക്കുന്നതായി  കാണാം. വർത്തകസമുദായമെന്ന നിലയിൽ മുസ്ലീങ്ങൾക്ക് നോവലിൽ തുല്യനീതി ഉറപ്പു വരുത്തുന്നുണ്ട്. ഒരു ബഹുമതസമൂഹത്തിൽ നൽകേണ്ട ആദരവ് സി.വി.അവർക്ക് നൽകിയിട്ടുണ്ട്. ടിപ്പുവിനെപ്പോലും ചരിത്രപരമായ യാഥാർഥ്യബോധത്തോടെയാണ് നോവലിസ്റ്റ് സമീപിച്ചിട്ടുള്ളത്. ആഖ്യാനഭാഷയിൽതന്നെ ആ പരിഗണന അടങ്ങിയിട്ടുണ്ട്. സി.വിയുടെ മുസ്ലീം കഥാപാത്രസമീപനം ആഖ്യാനസന്ദർഭത്തെ ആസ്പദമാക്കി പഠിക്കുകയാണ് ഈ ലേഖനത്തിൽ. മാറുന്ന കാലത്തിന്റെ യുക്തികളും വ്യക്തിപരമായ അനുഭവങ്ങളും ഇത്തരം ഒരു വീക്ഷണം രൂപീകരിക്കാൻ സി.വി.യെ പ്രേരിപ്പിച്ചിട്ടുണ്ടെന്നു കണ്ടെത്തുന്നു. സി.വിയുടെ നോവലുകൾ നായർചരിതങ്ങൾ മാത്രമല്ലെന്ന് ഇതിലൂടെ കണ്ടെത്തുന്നു.
**താക്കോൽ വാക്കുകൾ**

സി.വി. രാമൻപിള്ള, മുസ്ലീം പ്രാതിനിധ്യം, എട്ടുവീട്ടിൽ പിള്ളമാർ, ജാതിഭ്രഷ്ട്, നായർമേധാവിത്വം, വർത്തകമുസ്ലീങ്ങൾ, ചാന്നാർസമുദായം, പശ്ചിമേഷ്യൻപരിതോവസ്ഥ, ദിവാൻകേശവപിള്ള, യാഥാസ്ഥിതികസാമൂഹികബോധം

**Soumya Sajan**

# The Iconic Image of Narayana Guru: Some observations

**Abstract**

Narayana Guru entered into the sociality of 19$^{th}$ century Keralam with a sign ‘human’ to cut-across the systems of sign driven by caste systems in 1888 through *Aruvippuram Prathishta*. There happened a tremendous social change from the period to contemporary in terms of change-in-practice especially in the sign systems enrooted in the cultural history. This paper observes the nuances in interventions of Narayana Guru.
**Keywords**

Narayana Guru, 19$^{th}$ century Keralam, *Aruvippura Prathishta*, sign-systems, caste-systems, sign, icon of Narayana Guru, human, modern, standardization, change-in practice

Book Review ● Ethiran Kathiravan

# Early Indians-A Book on the Grand Indian Mix